അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) അവരുടെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്. ജീവനക്കാരുടെ നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ബോണസ് അനുവദിക്കുക, ദിവസക്കൂലിവാങ്ങി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുക, ശമ്പളത്തോടുകൂടിയ അവധി നൽകുക, സേവനവ്യവസ്ഥകൾ തയ്യാറാക്കുക മുതലായവയാണ് അവരുടെ പ്രധാന ആവശ്യങ്ങൾ.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ

1055 [1674] ശ്രീ. കെ.പി. നൂറുദ്ദീൻ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ:

,, എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നു പ്രവർത്തനമാരംഭിച്ചു;

(ബി) കോർപ്പറേഷന്റെ കീഴിലുള്ള വിവിധ ഉദ്യോഗസ്ഥ തസ്തികകളിലേക്ക് പരീക്ഷായോഗ്യതകളും നിയമനരീതിയും തീർച്ചപ്പെടുത്തി വിജ്ഞാപനം ചെയ്യാറുണ്ടോ; ഉണ്ടെങ്കിൽ അവ അനുസരിച്ചാണോ നിയമനങ്ങൾ എല്ലാം നടത്തിയിട്ടുള്ളത്;

(സി) ഈ നിയമനം നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്;

(ഡി) ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകൾ ക്രിപ്തപ്പെടുത്തി റൂളുകൾ ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്ത്?

ഉത്തരം

(എ) 25.3.1975-ൽ

(ബി) പല തസ്തികകളുടെയും യോഗ്യതകളും നിയമനരീതികളും തീരുമാനിച്ചിട്ടുണ്ട്. ചുരുക്കം ചില തസ്തികകളുടേത് നിർണ്ണയിക്കാനുണ്ട്.

എഴുന്നൂറുരൂപയും അതിനു താഴെയും അടിസ്ഥാനശമ്പളമുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ പെടുത്തുന്നതിന് 1976 ജൂൺമാസത്തിൽ തീരുമാനിച്ചു. വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. ക്കു വിട്ടുകൊണ്ടുള്ള വിജ്ഞാപനം 1978 ആഗസ്റ്റിൽ മാത്രമേ പുറപ്പെടുവിച്ചുള്ളൂ. ഈ കാലഘട്ടത്തിനിടയ്ക്ക് നടത്തിയ നിയമനങ്ങൾ നിർദ്ദിഷ്ട രീതിയിലല്ല നടത്തിയിട്ടുള്ളത്. ദിവസശമ്പളത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ള നിയമനങ്ങളാണധികവും. ഈ നിയമനങ്ങൾ ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല. 256 പേരുടെ നിയമനം കോർപ്പറേഷൻ ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തത് ഗവൺമെൻറ് പരിശോധനക്ക് വിധേയമാക്കിയിരിക്കുകയാണ്.

(സി) ആയിരം രൂപയോ അതിൽ കൂടുതലോ അടിസ്ഥാന ശമ്പളമുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ നടത്തുക, അതിനുതാഴെയുള്ള തസ്തികകളിലേക്ക് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് നടത്തുക. എഴുന്നൂറുരൂപയും അതിനു താഴെയും ശമ്പളമുള്ള സൂപ്പർവൈസറിയും മാനേജറിയലും വിഭാഗത്തിലുള്ളവരെ പി.എസ്.സി. വഴി നിയമിക്കുക, എഞ്ചിനീയർമാരെ പി.ഡബ്ലിയു.ഡി.യിൽനിന്നും മറ്റും ഡെപ്യൂട്ടേഷനിൽ നിയമിക്കുക ഇവയാണ് നിയമനങ്ങൾക്ക് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ. കോൺട്രാക്ടറ് വ്യവസ്ഥയിലും ദിവസശമ്പളത്തിൽ താല്ക്കാലികാടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കയാണ്.

കിഴക്കേത്തെരുവ്-പത്തനാപുരം റോഡ്

1056 [1676] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേത്തെരുവ്-പത്തനാപുരം റോഡിൻെറ രണ്ടാം ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് 1978-79-ലെ ബഡ്ജറിൽ തുക ഉൾപ്പെടുത്തിയിരുന്നോ;

(ബി) ആ റോഡിൻെറ അഭിവൃദ്ധിപ്പെടുത്തൽ നടപടി എത്രത്തോളമായെന്ന് പറയാമോ?

ഉത്തരം

(എ) 1978-79-ലെ ബഡ്ജറിൽ ഈ പണിക്ക് 100 രൂപ വകകൊള്ളിച്ചിരുന്നു.

(ബി) ഇതിൻെറ അടങ്കൽ കൊല്ലം ബി ആൻറ് ആർ ഡിവിഷനാഫീസിൽ പരിശോധനയിലാണ്.

റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി

1057 [1677] ശ്രീ. ഇ.കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറുകുന്നിൽനിന്നും റയിൽവേ സ്റ്റേഷൻ വഴി ഒറക്കല്ലിലേക്കുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് കഴിഞ്ഞ ബഡ്ജറിൽ എന്തു തുക ഉൾപ്പെടുത്തിയിരുന്നു;

(ബി) ഈ റോഡിൻെറ പണി പൂർത്തിയാക്കാതിരുന്നതിൻെറ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പണിക്ക് 1978-79-ലെ ബഡ്ജറിൽ 20,000 രൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly